ലക്കം 38

# ഗോസ്പൽ ട്രൂത്ത്

**അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ**

For Private Circulation only

## നിന്റെ ആത്മാവിന് അനിവാര്യമായത്

ലൂക്കോസിന്റെ സുവിശേഷത്തിൽ നിന്നുമുള്ള ഉദാഹരണം (ലൂക്കൊസ്. 12: 16–21)

ധനവാനായൊരു മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ ഞാൻ എന്തു ചെയ്യേണ്ടു? എന്റെ വിളവ് കൂട്ടിവയ്പ്പാൻ സ്ഥലം പോരാ എന്ന് ഉള്ളിൽ വിചാരിച്ചു. പിന്നെ അവൻ പറഞ്ഞത് ഞാൻ ഇതു ചെയ്യും. എന്റെ കളപ്പുരകളെ പൊളിച്ച് അധികം വിലയവ് പണിത് എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവയ്ക്കും. എന്നിട്ട് എന്നോടുതന്നെ നിനക്ക് ഏറിയ ആണ്ടുകൾക്ക് മതിയായ അനവധി വസ്തുവക സ്വരൂപിച്ച് വച്ചിരിക്കുന്നു. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്നു പറയും. ദൈവമോ അവനോടു മൂഢാ. ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവച്ചത് ആർക്കാകും എന്നു പറഞ്ഞു.

തന്റെ ജീവിത വിജയത്തിൽ മതിമറന്ന ആ മനുഷ്യൻ ഭാവിയിലേക്ക് ദൃഷ്ടി ഉയർത്തിക്കൊണ്ട് പലവിധമായ പദ്ധതികളാവിഷ്ക്കരിച്ചു. എന്നാൽ ദൈവം മൂഢാ ഈ രാത്രിയിൽ നിന്റെ ആത്മാവിനെ ചോദിച്ചാൽ എന്തായിരിക്കും ഫലമെന്ന് അവനോടു ചേദിച്ചു. അപ്പോൾ നീ നല്കിയത് ആരുടേതായിരിക്കും.?

ഈ മനുഷ്യന്റെ  എല്ലാ താത്ക്കാലിക അനുഗ്രഹങ്ങളും ഭാവിയെക്കുറിച്ചുള്ള മഹത്തായ പദ്ധതികളും ആ രാത്രിയിൽ മരിച്ചു. ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പിൽ നിൽക്കാൻ തയ്യാറാകാതെ നിത്യതയുടെ വക്കിൽ നിൽക്കുമ്പോൾ അവന്റെ സമ്പത്തും അന്തസ്സും അവനെ ഒന്നും ചെയ്തില്ല. മരണത്തിൽ അവൻ ഇരുട്ടിന്റെയും നിരാശയുടെയും അവസാനമില്ലാത്ത യാത്ര ആരംഭിക്കുന്നു.

ദൈവം ഈ മനുഷ്യനെ വിഡ്ഢി എന്നു വിളിച്ചു. കാരണം അവൻ ഈ ജീവിതത്തിലെ കാര്യങ്ങൾക്കായി പദ്ധതികൾ തയ്യാറാക്കിയിരുന്നുവെങ്കിലും അവന്റെ ആത്മാവിന്റെ നിത്യതയ്ക്കായി ഒരുക്കുന്നതിൽ അവഗണിച്ചു. ശവക്കുഴിപ്പുറത്തുനിന്ന് ഈ മനുഷ്യൻ ഇന്ന് നമുക്ക് എന്ത് സന്ദേശമാണ് നൽകുന്നത്?

“ദൈവത്തെ മറക്കരുത്, നിത്യത ഒരു യാഥാർത്ഥ്യം തന്നെ. നീ മരിക്കുമ്പോൾ സകലതും അവസാനിക്കുന്നില്ല, ആരംഭിക്കുന്നതേയുള്ളു.” സ്വർഗ്ഗം അത്ഭുത സ്ഥലമാണ്. സന്തോഷവും സമാധാനവും നീതിമാൻമാർക്കായി കാത്തിരിക്കുന്നു. നരകം ഒരു നിഗൂഢസ്ഥലമാണ്. ശിക്ഷാവിധി പാപികൾക്കായി കാത്തിരിക്കുന്നു. നിത്യത നിന്റെ വാതിൽക്കൽ വന്നണയുമ്പോൾ, ഇഹലോകത്തിലെ നശ്വരമായവയ്ക്കൊന്നും അതിനെ തടയാനാവുമോ? മരണം ആരേയും വിടുന്നില്ല. സകലരും, യുവാവോ, വൃദ്ധനോ, ധനികനോ, ദരിദ്രനോ, വിദ്യാസമ്പന്നനോ, വിദ്യാഹീനനോ, പ്രശസ്തനോ, അപ്രശസ്തനോ വ്യത്യാസമില്ല, ഒരിക്കൽ മരിക്കും. ജീവിതത്തിൽ നിങ്ങൾ നിങ്ങളുടെ പാപം മാറ്റി യേശുക്രിസ്തുവിനെ നിങ്ങളുടേതായി സ്വീകരിച്ചു, അവനുവേണ്ടി അനുദിനം ജീവിക്കുന്നുണ്ടോ? എന്നതു മാത്രമാണ് പ്രധാനം. സമ്പത്ത്, അന്തസ്സ്, വിദ്യാഭ്യാസം, സുഖസൗകര്യങ്ങൾക്കായി വളരെയധികം ചെലവഴിക്കുന്നു. ശാശ്വതമായ ആത്മാവിന്റെ കൂട്ടിച്ചേർക്കലിനെ പരിഗണിക്കാതെ ഇവിടെയും ഇപ്പോഴും തീരുമാനങ്ങൾ എടുക്കുന്നു. ഈ ലോകം വിലമതിക്കുന്ന കാര്യങ്ങൾ വരും ജീവിതത്തിൽ ഒരു മാറ്റവും വരുത്തുകയില്ല. നീ നിന്റെ പാപജീവിതത്തോട് വിടപറഞ്ഞ് കർത്താവായ യേശു ക്രിസ്തുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ച് ദിനംതോറും അവനോട് ഒപ്പം ജീവിച്ച് പോകുക എന്നതാമ് പരമപ്രധാനമായ കാര്യം.

ഇന്ന് ബഹുഭൂരിപക്ഷം ജനങ്ങളും അവരുടെ സമയം കൂടുതൽ ചെലവഴിക്കുന്നത് പണം, പ്രശസ്തി, വിദ്യാഭ്യാസം, ജഡീകസുഖങ്ങൾ



**“ഈ ലോകം വിലമതിക്കുന്ന കാര്യങ്ങൾ വരും ജീവിതത്തിൽ ഒരു മാറ്റവും വരുത്തുകയില്ല”**


| | | | | |
|---|---|---|---|---|
| പത്രാധിപലേഖനം | ബൈബിൾ പഠനം : മാനസാന്തരം | അനുബന്ധ ലേഖനം : ബൈബിൾ അധിഷ്ഠിത മാനസാന്തരം | ചോദ്യവും - ഉത്തരവും | നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക് : ദൈവത്തിന്റെ ദയ |
| 3 | 4 | 5-6 | 7 | 8 |

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16–17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37–40, യോഹ. 14: 21–23,
1 യോഹ. 4: 7–11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3–7, 2 കൊരി. 5: 17,
റോമർ 6 : 1–4, എഫെ. 2: 1, 5–6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8–9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73–75, എബ്രാ. 12:14,
1 പത്രൊ. 1: 15–16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20–21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4–7, എഫെ. 4: 4–6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20–23, ഗലാ. 3: 28,
വെളി. 18: 2–4

**ചട്ടങ്ങൾ**
മത്താ. 28: 19–20, 26: 26–30, 1 കൊരി. 11: 23–27,
യോഹ. 13: 14–17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4–5,
യാക്കോബ് 5: 13–16

**വിവാഹശുശ്രൂഷ**
മത്താ. 19: 5–6, ലൂക്കോ. 16: 18,
റോമർ 7: 2–3, 1 കൊരി. 7: 10–11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9–10, 1 കൊരി. 11: 14–15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7–12, യോഹ. 5: 28–29,
2 കൊരി. 5: 10, മത്താ. 25: 31–46

**സാമാധാനവാദം:**
ലൂക്കോസ് 6: 27–29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23–24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

എന്നിവ സ്വായത്തമാക്കുവാനാണ്. നിത്യമായ ആത്മാവിനെ പരിഗണിക്കാതെ 'ഇവിടെ ഇപ്പോൾ" എന്നതിന്റെ അടിസ്ഥാനത്തിലാണ് പലപ്പോഴും തീരുമാനങ്ങളെടുക്കുന്നത്. നൈമഷീകമായ നിമിഷനേരത്തേക്ക് വേണ്ടി ജനങ്ങൾ ദൈവത്തെ മറക്കുന്ന ഒരു ജനസമൂഹമായി അവർ ജീവിക്കുന്നു.

സ്നേഹിതാ! ഒരു നിത്യത നിന്റെ മുമ്പിലുണ്ട്. സമയം എണ്ണപ്പെടാതെ അവസാനമില്ലാത്ത ഒരു അനുഭവമാണത്. നിന്റെ ജീവിതം എങ്ങനെ



**"എല്ലാ ദിവസവും ഓരോ തീരുമാനവും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും ആത്മാവിന്റെ ക്ഷേമത്തിനുമായി എടുക്കണം".**

നയിച്ചു എന്ന് ന്യായം വിധിക്കുന്ന ദൈവത്തെ അഭിമുഖീകരിപ്പാൻ നീ തയ്യാറാണോ? നിത്യമായ അന്ധകാര ശക്തിയുടെ പിടിയിൽ നിന്നും നിന്റെ സാമൂഹിക സാമ്പത്തിക നിലവാരമോ, കുടുംബപശ്ചാത്തലമോ, സഭയിലെ സ്ഥാനമോ മതവിശ്വാസമോ ഒന്നും തന്നെ വിടുവിക്കുവാൻ മതിയായതല്ല. യേശുക്രിസ്തുവിനെ സ്വീകരിച്ചുകൊണ്ട് ദൈവമുമ്പാകെ വിശുദ്ധിയോടെ ജീവിക്കുക. "നിന്റെ ദൈവമായ യഹോവയെ എതിരേല്പാൻ ഒരുങ്ങിക്കൊൾക" (ആമോസ്.4:12) എന്ന പ്രവാചകനായ ആമോസ് തന്റെ ജനത്തെ ഉണർത്തുന്നു.

ധനവാനായ മനുഷ്യന്റെ വിശ്രമജീവിതം നയിക്കുവാൻ എല്ലാവിധ തയ്യാറെടുപ്പുകളും നടത്തിയിരുന്നു. അതിലൊന്നും യാതൊരു പ്രശ്നമില്ലായിരുന്നു. എന്നാൽ താൻ ദൈവത്തെ എതിരേല്പാൻ മാത്രം ഒരു തയ്യാറെടുപ്പും നടത്തിയിരുന്നില്ല എന്നതാണ് പ്രശ്നമായത്. തയ്യാറെടുപ്പ് എന്നാൽ "ഒരുങ്ങുക" എന്നർത്ഥം ദൈവത്തെ എതിരേല്പാൻ ഒരുങ്ങീട്ടുണ്ടോ നീ? ന്യായവിധിയും നിത്യതയും മനസ്സിൽവച്ചാണ് നിങ്ങൾ ജീവിതം നയിക്കേണ്ടത്. എന്നെങ്കിലും ഒരുക്കത്തിന് പരിശ്രമം ആവശ്യമാണ്. എല്ലാ ദിവസവും ഓരോ തീരുമാനവും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും ആത്മാവിന്റെ ക്ഷേമത്തിനുമായി എടുക്കണം.

നിർഭാഗ്യകരമായ യാഥാർത്ഥ്യം എന്തെന്നാൽ പലരും ആത്മാവിനെ അവഗണിക്കുന്ന രീതിയാണ് കാണുന്നത്. പലർക്കും ദൈവത്തെക്കുറിച്ചും മതത്തെക്കുറിച്ചും നല്ല അറിവാണ്. എങ്കിലും എല്ലാറ്റിനും മേല്ത്തരമായ ആത്മീക വിഷയത്തിനുപകരം താൽക്കാലികമായ ഇഹലോക ചിന്തകളിലാണിന്ന് പലരും മുഴുകിയിരിക്കുന്നത്. നിങ്ങൾ അങ്ങനെ ആണോ?

ജീവിതം അനിശ്ചിതത്വത്തിലാണ്. എപ്പോൾ മരിക്കുമെന്നും ദൈവത്തെ കാണുമെന്നും ആരും മുൻകൂട്ടി അറിയുകയില്ല. നാം വിഡ്ഢിയെപ്പോലെ ജീവിതം നയിക്കരുത്. ഒരുവൻ സർവ്വലോകം നേടിയാലും തന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ അവനതുകൊണ്ട് എന്തു പ്രയോജനം? (മത്തായി 16:26) ജീവിതത്തിൽ ദൈവത്തിന് മുൻഗണനന കൊടുക്കുന്നതിനെ അവഗണിച്ചുകൊണ്ട് നാം മരിക്കുകയും ന്യായാസനത്തിൽ നിൽക്കുകയും ചെയ്യുമ്പോൾ നിത്യജീവനായി നാം എന്തുചെയ്തു? എന്ന ചോദ്യം അഭിമുഖീകരിക്കേണ്ടിവരും. നീതിനിഷ്ഠവും ദൈവഭക്തിയുള്ളതുമായ ജീവിതം നയിക്കുന്നതിൽ നിന്ന് തങ്ങളെ പരിഹരിച്ച ഏതൊരുകാര്യവും അവൻ സ്വമനസ്സാലെ ഉപേക്ഷിക്കുകയും ചെയ്തു. ദൈവത്തിൽ നിന്നും നമ്മെ വേർപിരിക്കുന്ന എല്ലാ സമ്പത്തും വിദ്യാഭ്യാസവും സുഖഭോഗങ്ങളും മനോഭാവങ്ങളും അവർ ഉപേക്ഷിക്കും. എന്നിരുന്നാലും നിത്യതയ്ക്കായി അധികം ചെലവുകളൊന്നുമില്ല. ഇന്ന് നമ്മുടെ സമയമാണ്. ഇത് നമ്മുടെ അവസരമാണ്.

നിങ്ങളുടെ ആത്മാവിനെ നിങ്ങൾ ഇപ്പോൾ എന്തു ചെയ്യും? ദൈവത്തെ സേവിക്കുന്നതിനും ഈ ലോകത്ത് പ്രത്യാശയോടെ ശുശ്രൂഷിക്കുന്നതിനുമായി ദിവസവും ജീവിക്കുന്നതിനു പകരം നിങ്ങൾ ഈ ലോകത്തിന്റെ കാര്യങ്ങൾക്കുവേണ്ടിയാണ് ജീവിക്കുന്നതെങ്കിൽ നിങ്ങൾ നിങ്ങളുടെ ഹൃദയത്തെ ശാന്തമാക്കി പ്രാർത്ഥിക്കേണം. യേശുവിനെ നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിക്കുക. നിങ്ങൾ എടുക്കുന്ന ഒരോ തെരഞ്ഞെടുപ്പും ഈ താൽക്കാലിക ലോകമല്ല, മറിച്ച് അതിവേഗം സമീപിക്കുന്ന ശാശ്വത ലോകത്താൽ നയിക്കപ്പെടട്ടെ. സമയം കുറവാണ്. യേശു നന്ിങ്ങൾക്കായി കാത്തിരിക്കുന്നു. ■

ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കികൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*പത്രൊസ് പുറത്തേക്കിറങ്ങി അതിദുഃഖത്തോടെ പൊട്ടിക്കരഞ്ഞു (ലൂക്കൊസ്. 22:62)*

യേശുവിനെ വിചാരണ ചെയ്യുമ്പോൾ, പത്രൊസ് അകലംവിട്ട് അനുഗമിക്കുകയും കർത്താവിനെ മൂന്നുവട്ടം തള്ളിപ്പറയുകയും ചെയ്തു. പിന്നീട് അവൻ പുറത്തുപോയി അതിദുഃഖത്തോടെ കരഞ്ഞു. രക്ഷിതാവായ കർത്താവിനെ തള്ളിപ്പറയേണ്ടിവന്നതിൽ തനിക്ക് ആഴമായ ദുഃഖമുണ്ടായിട്ട് തന്റെ ഹൃദയം തകർന്നു. എന്നാൽ ഈ സംഭവം അവിടംകൊണ്ടവസാനിച്ചില്ല എന്നതാണ് ഒരു പ്രത്യേകത! യേശു ഉയർത്തെഴുന്നേറ്റതിന് ശേഷം, താൻ ജീവിച്ചിരിക്കുന്നു എന്ന വസ്തുത പ്രത്യേകം പത്രൊസിനെ അറിയിക്കുവാൻ യേശു ആവശ്യപ്പെട്ടു. പത്രൊസ് യേശുവിനെ തള്ളിപ്പറഞ്ഞെങ്കിലും പിന്നീട് തനിക്കുണ്ടായ മാനസാന്തരം യേശു അംഗീകരിക്കുകയും പിൽക്കാലത്ത് തന്നെ സേവിക്കുവാനുള്ള ഒരു അവസരം ദൈവം തനിക്ക് കൊടുക്കുകയും ചെയ്തു. ദൈവത്തിന് മഹത്വം.

മാനസാന്തരത്തെക്കുറിച്ചാണ് ഇത്തവണത്തെ പ്രതിപാദ്യ വിഷയം. ദേശീയ, കുടുംബ സഭ, സമൂഹപരമായുള്ള വിവിധ മാനസാന്തരത്തെക്കുറിച്ചുള്ള വിഷയങ്ങളുണ്ടെങ്കിലും, വ്യക്തിപരമായുള്ള മാനസാന്തരമാണ് ആദ്യം വിശകലനം ചെയ്യുന്നത്. ചെയ്തുപോയ പാപക്കുറ്റം പരിഹരിക്കുവാൻ ജനങ്ങൾ ചെയ്യുന്ന പരിഹാരമാർഗ്ഗങ്ങളെ കാണുമ്പോൾ എനിക്ക് അതിയായ ദുഃഖം തോന്നാറുണ്ട്. സത്യത്തിൽ, നമ്മുടെ രക്ഷിതാവും കർത്താവുമായ യേശുവിന്റെ പാദത്തിൽ അനുതാപത്തോടെ വീണു ഏറ്റുപറയുകയാണ് ഏകപോംവഴി.

എവിടെ വ്യക്തിപരമായ മാനസാന്തരമുണ്ടോ അവിടെ വിവാഹ ബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടുന്നു, തെറ്റുതിരുത്തപ്പെടുന്നു. മതസംഘടനകൾ യേശുവിനെ പ്രസംഗിക്കുന്നുണ്ടെങ്കിലും മാനസാന്തരത്തിലേക്ക് ജനത്തെ നയിക്കുന്നില്ല. പരമാർത്ഥികളായ ശുശ്രൂഷകന്മാർ ജനത്തെ മാനസാന്തരത്തിലേക്ക് നയിക്കുന്നു. ജനത്തിന് ദൈവീക അനുഗ്രഹങ്ങൾ വേണമെങ്കിലും അത് പ്രാപിക്കുവാനുള്ള വിലക്കൊടുക്കുവാൻ അവർ തയ്യാറാകുന്നില്ല. പാപക്ഷമ പ്രാപിക്കുവാൻ ദൈവസന്നിധിയിൽ നിന്നും ദിനംതോറുമുള്ള പ്രാർത്ഥനയിൽ കഴുകൽ പ്രാപിക്കണം. പാപത്തെ വിട്ടു ജീവിക്കുക എന്നാൽ ചില കാര്യങ്ങളെ വർജ്ജിക്കുക എന്നത് മാത്രമാണോ? പാപത്തെ ത്യജിച്ചുകൊണ്ട് ക്രിസ്തുയേശുവിന്റെ രക്തത്തിന്റെ ശക്തിയാൽ വിജയകരമായ ജീവിതം നയിക്കുവാനും പാപത്തെയും അതിന്റെ സ്വാധീനതയേയും അതിജീവിക്കുവാനും നമുക്ക് കഴിയും.

ജനങ്ങൾ രക്ഷയ്ക്കായി പ്രാർത്ഥിക്കുന്നതും യേശുവുമായി പുതിയ ജീവിതം ആംരഭിക്കുന്നതും കണ്ട് ഞാൻ സന്തോഷിക്കാറുണ്ട്. എന്നാൽ മിക്കവരും അതിൽ നിലനിൽക്കാൻ കഴിയാതെ പോകുന്നത് ശരിയായ ഒരു മാനസാന്തരമില്ലാത്തതുകൊണ്ടാണ്. നമ്മുടെ രക്ഷകനുമായി ചേർന്നിരിക്കുന്നത് എത്ര ആനന്ദകരമാണ്. എല്ലാവിധ പാപത്തോടും വിടപഞ്ഞ് ശരിയായ നിലനിൽക്കുന്ന മാനസാന്തര ജീവിതമാണ് വേണ്ടത്.

നീ പാപം ചെയ്താൽ, രക്ഷിക്കപ്പെട്ടവനല്ല, പ്രത്യുത, പിന്മാറ്റക്കാരനോ, കപടഭക്തിക്കാരനോ ആവാം. എന്നാൽ ശരിയായ മാനസാന്തരം നിന്നെ ഒരു ദൈവപൈതലാക്കിത്തീർക്കും. ദൈവത്തിനും മനുഷ്യർക്കും മുമ്പാകെ കുറ്റമറ്റ മനഃസാക്ഷിയോടെ തികഞ്ഞ പ്രാഗത്ഭ്യത്തോടെ ക്രിസ്തുവിന്റെ തലയോളം വളരുക. പാപവഴി വിട്ടുകളഞ്ഞ് നൂറ് ശതമാനവും പൂർണ്ണമായി യേശുവിനായി ജീവിക്കുക. വിശ്വസ്തനായ ദൈവം നമ്മെ അതിനായി ഒരുക്കും. ഇന്നുതന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുമോ? പ്രാർത്ഥിക്കാമോ?


**മൈക്കിൾ ഡബ്ല്യു സ്മിത്ത്.**

**ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.**

www.thegospeltruth.org

എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗം വിട്ടുതിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നും കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിന് സൗഖ്യം വരുത്തിക്കൊടുക്കും.

- 2. ദിനവൃത്താന്തം 7:14



# ബൈബിൾ പഠനസഹായി

## വിഷയം: മാനസാന്തരം

**വേദഭാഗം:** ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ.- അപ്പൊ. 3:19)

**നിർവ്വചനങ്ങൾ:**

**അനുതാപം** : കഴിഞ്ഞ കാലത്തുള്ള പാപങ്ങളിൽ നിന്നും ഒരുവന്റെ മനസ്സ് പൂർണ്ണമായി മാറി ചിന്തിക്കുവാൻ കഴിയുന്ന അവസ്ഥയാണ് മാനസാന്തരം. (തായേഴ്സ് ഗ്രീക്ക് ലെസ്കിക്കോൺ)

**മാനസാന്തരം** : പാപ പങ്കിലമായ കഴിഞ്ഞകാലത്തുള്ള ഒരു വ്യക്തിയുടെ ജീവിതം പശ്ചാത്താപത്തോടുകൂടി അവസാനിപ്പിച്ചുകൊണ്ട് പുതിയ ജീവിതത്തിന് ആരംഭം കുറിക്കുന്നതാണിത്.

**രത്നചുരുക്കം:** എല്ലാ പാപികളെയും ദൈവം അവരുടെ പാപവഴി വിട്ട് മനം തിരിയുവാൻ ആഹ്വാനം ചെയ്യുന്നു. സുവിശേഷത്തിന്റെ സന്ദേശം എന്നത്, ദൈവീകമല്ലാത്തതെല്ലാം ത്യജിച്ചുകൊണ്ട് വിശുദ്ധിയോടെ യേശുവിനെ അനുഗമിക്കുക എന്നതാണ്. മാനസാന്തരമില്ലാതെ യഥാർത്ഥ രക്ഷ സാധ്യമല്ല.

---

**I. ആരാണ് മാനസാന്തരപ്പെടേണ്ടത്?**

A. മത്തായി 9:12-13 പാപികൾ
B. അപ്പൊ. 17:30 എല്ലായിടത്തുമുള്ള എല്ലാവരും

**II മാനസാന്തര പ്രസംഗം.**

A. ലൂക്കോസ് 3:3 യോഹന്നാൻ സ്നാപകൻ - പാപ മോചനത്തിനായുള്ള മാനസാന്തരം
B. മർക്കൊസ് 1:14-15 യേശു - മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പീൻ എന്ന് പ്രസംഗിച്ചു.
C. മർക്കൊസ് 6:12 ശിഷ്യന്മാർ - ജനം മാനസാന്തരപ്പെടണം.
D. അപ്പൊ: 20:20-21 പൗലോസ് - മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിയുക എന്ന് പ്രസംഗിച്ചു.

**III മാനസാന്തരത്തിന്റെ ആവശ്യകത**

A. ലൂക്കൊസ് 13:3 മാനസാന്തരപ്പെടാതിരുന്നാൽ നമ്മൾ നശിച്ചുപോകും.
B. അപ്പൊസ്തല പ്രവൃത്തി 3 :19 നിങ്ങളുടെ പാപങ്ങളെ കഴുകി കളയുവാൻ
C. വെളിപ്പാട് 2:5 ദൈവത്തിന്റെ അനുഗ്രഹത്തിനും അഭിഷേകത്തിനും

**IV മാനസാന്തരത്തിന്റെ ഫലങ്ങൾ**

A. ലൂക്കോസ് 3:8 മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പ്പീൻ
B. അപ്പൊസ്തല 26:19, 20 - മാനസാന്തരത്തിനു യോഗ്യമായ പ്രവർത്തികൾ
C. യാക്കോബ് 4:8 പാപികളെ നിങ്ങൾ നിങ്ങളുടെ കൈകളെ വെടിപ്പാക്കുവീൻ

**V മാനസാന്തരത്തിന്റെ സവിശേഷത: ദുഃഖം**

A. 2 കൊരി 7:9-11 ദൈവഹിതപ്രകാരമുള്ള ദുഃഖം മാനസാന്തരത്തിലേക്കു വഴി നടത്തുന്നു.
B. സങ്കീ. 51:17 തകർന്നും നുറുങ്ങിയുമുള്ള ഹൃദയം

**VI മാനസാന്തരത്തിന്റെ സവിശേഷത : അനുതാപം**

A. 1 യോഹ: 1:9 നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ
B. സദൃശ. 28:13 : ഏറ്റുപറഞ്ഞു ഉപേക്ഷിക്കുന്നവൻ

**VII മാനസാന്തരത്തിന്റെ സവിശേഷത : പാപത്തെ ഉപേക്ഷിക്കുന്നു**

A. യെശ. 55: 6 -7 ദുഷ്ടൻ തന്റെ വഴിയെ വിട്ടുമാറട്ടെ.
B. യെഹെസ്കേൽ 18: 30 നിങ്ങളുടെ എല്ലാ അതിക്രമങ്ങളിൽ നിന്നും പിൻതിരിയുവീൻ

**VIII മാനസാന്തരത്തിന്റെ സവിശേഷത : ദൈവീകമല്ലാത്തവയിൽ നിന്നുള്ള വേർപിരിയൽ**

A. 2 കൊരി : 6: 14 - 18 വിട്ടുപോരുവീൻ
B. യെഹെസ്കേൽ 14:6 നിങ്ങളുടെ വിഗ്രഹങ്ങളിൽ നിന്നും വേർപെട്ടു പോരുവീൻ

**IX മാനസാന്തരത്തിന്റെ സവിശേഷത: പ്രായശ്ചിത്തം**

A. ലേവ്യ 6: 4, 5 നഷ്ടപ്പെട്ടത് വീണ്ടെടുത്തു
B. ലൂക്കോസ് 19: 8, 9 : സക്കായിയുടെ പരിവർത്തനം

**X മാനസാന്തരത്തിന്റെ ഉദാഹരണങ്ങൾ**

A. ലൂക്കോസ് 15:21 ധൂർത്തനായ പുത്രൻ - "ഞാൻ സ്വർഗ്ഗത്തോടു പാപം ചെയ്തു".
B. ലൂക്കോസ് 18:13 ചുങ്കക്കാരൻ - "പാപിയായ എന്നോട് കരുണ തോന്നേണമേ"
C. യോനാ 3:8 നിനവേ - "പാപ വഴികൾ വിട്ട് എല്ലാവരും മനം തിരിയുക".

**XI മാനസാന്തരത്തിലേക്കുള്ള ആഹ്വാനം**

A. അപ്പോ. 2:37 - 40 മാനസാന്തരപ്പെട്ട് ...... നിങ്ങൾ രക്ഷ പ്രാപിക്കുവീൻ
B. വെളിപ്പാട് 3: 19 ജാഗ്രത ഉള്ളവനായിരിക്കുക, മാനസാന്തരപ്പെടുക

**XII മാനസാന്തരത്തിനുള്ള അവസരങ്ങൾ**

A. വെളി 2:21 ദൈവം മാനസാന്തരത്തിനുള്ള വഴി നൽകുന്നു.
B. 2 കൊരി 6:2 ഇപ്പോഴാകുന്നു രക്ഷാദിവസം
C. റോമ 2:4 ദയാലുവായ ദൈവം
D. 2 പത്രോസ് 3:9 നാം ആരും നശിച്ചുപോകുവാൻ കർത്താവ് ഇഷ്ടപ്പെടുന്നില്ല.

### ഉപസംഹാരം

അങ്ങനെ തന്നെ മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത 99 നീതിമാന്മാരെക്കുറിച്ച് ഉള്ളതിനേക്കാൾ മാനസാന്തരപ്പെടുന്ന ഒരു പാപിയെ ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷം ഉണ്ടാക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. - ലൂക്കോ - 15:7

## ബൈബിൾ

# അധിഷ്ഠിത മാനസാന്തരം

**പാപത്തിൽ നിന്ന് അകന്ന് തെറ്റ് തള്ളിക്കളഞ്ഞ് ദൈവശക്തിയാൽ രക്ഷിക്കപ്പെടുക. യേശുക്രിസ്തുവിന്റെ സന്ദേശം എവിടെയെല്ലാം പ്രസംഗിക്കപ്പെടുന്നുവോ അവിടെയെല്ലാം യഥാർത്ഥ മാനസാന്തരത്തിന്റെ സന്ദേശം അറിയിക്കണം; കാരണം മാനസാന്തരമില്ലാതെ യഥാർത്ഥ രക്ഷയില്ല.**



**"പശ്ചാത്താപം അനുമാനിക്കുന്നത് ഒരു വിപരീതമായ ദിശാമാറ്റമാണ്."**

### നേരെ തിരിയുന്നു

പശ്ചാത്താപം സംഭവിക്കുന്നതു ഒരുവൻ ഭൂതകാല പാപത്തെ ഓർത്തു വേദിക്കുകയും ക്രിസ്തുവിനെ പിന്തുടരുകയും ചെയ്യുമ്പോൾ ആകുന്നു. പാപത്തിൽ നിന്നും തെറ്റായതിൽ നിന്നും പൂർണ്ണമായി പിന്തിരിയുകയും ഇനി ഒരിക്കലും പിന്നോട്ട് പോകുകയില്ല എന്ന തീരുമാനവും അതിൽ ഉൾപ്പെടുന്നു. പശ്ചാത്താപം അനുമാനിക്കുന്നത് ഒരു വിപരീതമായ ദിശാമാറ്റമാണ്. പല ക്രിസ്തീയ സഭകളും പാപപരിഹാരകനായി യേശുക്രിസ്തുവിനെ പ്രസംഗിക്കുന്നുവെങ്കിലും മാനസാന്തരത്തിന്റെ സന്ദേശം പ്രസംഗിക്കുന്നില്ല. ക്രിസ്തുവിനെ അംഗീകരിക്കുക എന്നതു ഒരു കാര്യമാണ്. എന്നാൽ ദൈവത്തിന് അപ്രീതികരമായ കാര്യങ്ങളിൽ നിന്ന് മാറ്റം വരുത്തുന്നതു മറ്റൊന്നാണ്. രക്ഷ ദൈവത്തിന്റെ ദാനവും, സത്പ്രവർത്തികളാൽ ലഭിക്കാത്തതുമായതിനാൽ നമുക്ക് വ്യക്തിപരമായ ഉത്തരവാദിത്വം ഉണ്ട്. പത്രോസ് അപ്പൊസ്തലൻ ജനങ്ങളോട് പറഞ്ഞു "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞുകൊൾവിൻ.." അപ്പൊ. പ്രവർത്തികൾ 3:19) എന്ന്. തങ്ങളുടെ രക്ഷയെക്കുറിച്ച് ഗൗരവമുള്ളവരോടും, എല്ലാ ഭക്തിഹീനതകളും പൂർണ്ണമായും ഉപേക്ഷിക്കുവാൻ തയ്യാറുള്ളവരോടും മാത്രമേ ദൈവം ക്ഷമിക്കൂ.

യേശുക്രിസ്തു ഈ ഭൂമിയിൽ വന്നു മാനവരാശിയുടെ പാപങ്ങൾക്കായി മരിച്ചതിനാൽ എല്ലാ ആളുകളും രക്ഷിക്കപ്പെടും. ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായിത്തീർന്നു. (റോമർ 3:23) "യേശുക്രിസ്തു പാപികളെ അത്രേ വിളിപ്പാൻ വന്നത്". (മത്തായി 9:23). "എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോട് ദൈവം കല്പിക്കുന്നു" (അപ്പൊ. പ്രവർത്തികൾ 17:30). മാനസാന്തരത്തിനുള്ള ദൈവീക ആഹ്വാനത്തിൽ നിന്ന് ആരും ഒഴിവുള്ളവരല്ല. കാരണം എല്ലാവരും പാപത്തിലൂടെയും തെറ്റുകളിലൂടെയും ദൈവത്തിൽ നിന്ന് വേർപിരിഞ്ഞവരാണ്. ആ തെറ്റിനോടുള്ള വെറുപ്പും ദൈവത്തിന് അപ്രീതികരമായതിൽ ദു:ഖവും ഇല്ലാതെ രക്ഷ പ്രാപിക്കുവാൻ കഴിയുകയില്ല.

### സുവിശേഷ സന്ദേശത്തിന്റെ അവിഭാജ്യ ഘടകം

മാനസാന്തരത്തിന്റെ സന്ദേശം ഒരു കോണിൽ ഒരിക്കൽ പ്രസംഗിക്കപ്പെട്ട സന്ദേശം അയിരുന്നില്ല. ക്രിസ്തുവിന്റെ മുന്നോടിയായി യോഹന്നാൻ സ്നാപകൻ "എല്ലാവരിലേക്കും കടന്നുവന്ന് പാപമോചനത്തിനായുള്ള മാനസാന്തരത്തിന്റെ സ്നാനം യോർദ്ദാനു ചുറ്റുമുള്ള രാജ്യങ്ങളിൽ പ്രസംഗിച്ചു. (ലൂക്കോസ് 3:3) "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കൊസ് 1:14-15) എന്ന വ്യക്തമായ സന്ദേശത്തോടെയാണ് യേശുക്രിസ്തു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചത്. "ശിഷ്യന്മാർ പുറപ്പെട്ട് ജനം മാനസാന്തരപ്പെടണം എന്ന് പ്രസംഗിച്ചു. (മർക്കൊസ് 6:12) പൗലൊസ് യഹൂദന്മാരോടും യവന്മാരോടും യേശുക്രിസ്തുവിങ്കലുള്ള മാനസാന്തരവും നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസവും പ്രസംഗിച്ചു. (അ.പ്രവർത്തികൾ 20:21) മാറ്റത്തിന്റെ ഉത്തരവാദിത്വത്തിൽ മനുഷ്യന് ആശ്വാസം നല്കി വിടുവിക്കുന്ന ഈ സന്ദേശം യേശുക്രിസ്തുവിൽ വിശ്വസിക്കുക എന്ന ലളിതമായ സന്ദേശത്തിൽ നിന്ന് വളരെ വ്യത്യസ്തമാണ്. അതുകൊണ്ട് ഒരുവനു പാപം ചെയ്യാതെ ജീവിക്കുവാൻ കഴിയുകയില്ലെന്ന് അനേകം തെറ്റായ സഭകൾ പഠിപ്പിക്കുന്നു. സുവിശേഷത്തിന്റെ ശക്തി എന്നു പറയുന്നത് മാനസാന്തരത്തിൽ ക്രിസ്തുവിൽ വിശ്വസിച്ച് മുന്നോട്ടു പോകുവാനും മേലിൽ പാപം ചെയ്യാതിരിക്കുവാനും ആകുന്നു. (യോഹന്നാൻ 8:11). വിശുദ്ധിയിൽ കുറഞ്ഞതൊന്നും ദൈവം സ്വീകരിക്കുകയില്ല, "ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ കഴിയുകയില്ല.(എബ്രാ12:14)

### രക്ഷയ്ക്കു ആവശ്യമായവ

ഒരാൾക്കു നിത്യജീവൻ ലഭിക്കുന്നതിന് മാനസാന്തര അനുഭവം ആവശ്യമാണ്. ലൂക്കോസ് 13:3 ൽ യേശു പറഞ്ഞു. "നിങ്ങൾ മാനസാന്തരപ്പെടുന്നില്ലെങ്കിൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും." ഒരു മതപരമായ കൂട്ടായ്മയിൽ ചേർന്ന് ദൈവഭക്തിയുടെ രൂപത്തിൽ കർത്താവിനെ ആരാധിച്ചാൽ മാത്രം പോരാ. വ്യക്തിപരമായി ജീവിതത്തിനെ മാറ്റി മറിക്കുന്ന ഒരു മാനസാന്തരത്തിന്റെ അനുഭവം ജീവിതത്തിൽ ഉണ്ടായിരിക്കണം. പാപം മാഞ്ഞുകിട്ടുവാനുള്ള ഒരേ ഒരു മാർഗ്ഗം അതുമാത്രമാണ്. അവർ അനുതപിക്കുന്നില്ലെങ്കിൽ, പിന്തിരിഞ്ഞു വീഴുകയും, വീണുപോയ വ്യക്തികളിൽ നിന്നും സഭകളിൽ നിന്നും ദൈവത്തിന്റെ അഭിഷേകവും അനുഗ്രഹവും നീക്കപ്പെടുകയും ചെയ്യും. എഫേസോസ് സഭയ്ക്കുള്ള കത്തിൽ ഇത് ഉദാഹരണമായി കാണിച്ചിരിക്കുന്നു. "നീ ഏതിൽ വീണിരക്കുന്നു എന്ന് ഓർത്തു മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവർത്തി ചെയ്യുക. അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്ന് നീക്കുകയും ചെയ്യും. (വെളിപ്പാട് 2:5) "മാനസാന്തരത്തിനു യോഗ്യമായ ഫലം കായിപ്പിൻ" എന്ന് യോഹന്നാൻ സ്നാപകൻ മുന്നറിയിപ്പ് നല്കി. സ്ഥാനവും അംഗീകാരവും ആരെയും മാനസാന്തരത്തിന്റെ ആവശ്യകതയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

മതസംഘടനകളിൽ തങ്ങളുടെ ഹൃദയങ്ങളെ വിനയപ്പെടുത്തി ദൈവത്തോട് നിലവിളിക്കേണ്ടുന്ന നേതൃത്വങ്ങൾ ഉണ്ട്. ശരിയായ പശ്ചാത്താപം രഹസ്യവും പരസ്യവുമായ ജീവിതത്തിൽ സ്വീകരിക്കുന്നില്ലെങ്കിൽ പാസ്റ്റർമാരും, പാട്ടുകാരും അദ്ധ്യാപകരും എല്ലാം അവരുടെ ആത്മാവിനെ നാശത്തിലേക്ക് എത്തിക്കും.



മാനസാന്തരത്തിന്റെ പ്രവർത്തികൾ നമ്മുടെ ഉത്തരവാദിത്വമാണ് – വാക്കിലും പ്രവർത്തിയിലൂടെയും പുതിയ മനസ്സിനെയും ഹൃദയത്തെയും പിൻപറ്റുക. "മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരത്തിനു യോഗ്യമായ പ്രവർത്തികൾ ചെയ്യണം" (അ.പ്രവർത്തികൾ 26:20). "പാപികളെ കൈകളെ വെടിപ്പാക്കുവിൻ" (യാക്കോബ 4:8), രക്ഷ പ്രാപിക്കുവാൻ കർത്താവിങ്കലേക്കു തിരിയുക.

"മാനസാന്തരത്തിന് ആളുകളുടെ ഹൃദയങ്ങളെയും മനസ്സിനെയും കീഴടക്കുന്ന ആധുനിക വിഗ്രഹങ്ങളിൽ നിന്ന് .... ഇപ്പോഴും പിന്തിരിയേണ്ടതുണ്ട്."

## ദൈവഹിത പ്രകാരമുള്ള ദു?ഖം

പശ്ചാത്താപം എന്നതു വ്യത്യസ്തമായ കടമകളും സവിശേഷതകളും അടങ്ങിയ ഒരു ബഹുമുഖപദമാണ്. ദൈവഹിത പ്രകാരമുള്ള ദു:ഖം രക്ഷയുടെ അവിഭാജ്യ ഘടകമാണ്. "ദൈവ ഹിത പ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷക്കായി ഉളവാക്കുന്നു; ലോകത്തിന്റെ ദു:ഖമോ മരണത്തെ ഉളവാക്കുന്നു; ദൈവഹിത പ്രകാരം നിങ്ങൾക്കുണ്ടായ ഈ ദുഃഖം എത്ര ഉത്സാഹം, എത്ര പ്രതിവാദം, എത്ര നീരസം, എത്ര ഭയം, എത്ര വാഞ്ഛ, എത്ര എരിവ്, എത്ര പ്രതികാരം നിങ്ങളിൽ ജനിപ്പിച്ചു. ഈ കര്യങ്ങളിൽ നിങ്ങൾ നിർമ്മലന്മാർ എന്ന് എല്ലാ വിധത്തിലും കാണിച്ചിരിക്കുന്നു' (2 കൊരിന്ത്യർ 7:10–11). തീർച്ചയായും ദൈവഹിത പ്രകാരമുള്ള ദുഃഖം, ആരെങ്കിലം തെറ്റ് ചെയ്യുകയും കുറ്റബോധം തോന്നുകയും എന്നാൽ അവ ഉപേക്ഷിക്കാതെ സഭയിൽ തുടരുന്ന ലോകത്തിന്റെ ഉപരിപ്ലവമായ അനുതാപത്തെക്കാൾ വളരെ വ്യത്യാസമുള്ളതാണ്. ദൈവഹിത പ്രകാരമുള്ള ദു:ഖം ആഴമായതും, മാറ്റം വരുത്തുന്നതുമായ ഹൃദയംഗമായ പശ്ചാത്താപമാണ്. അങ്ങനെയുള്ള അനുതാപവും താഴ്മയും ദൈവം സ്വീകരിക്കും കാരണം "തകർന്നും നറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവം നിരസിക്കുകയില്ല" (സങ്കീർത്തനങ്ങൾ 51:17)

## ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുക

പശ്ചാത്തപത്തിൽ കുറ്റസമ്മതവും ചെയ്ത പാപത്തിന്റെ തുറന്ന അംഗീകാരവും ഉൾപ്പെടുന്നു. ഏറ്റുപറയാതെ പാപം മോചിക്കപ്പെടുകയില്ല. 1 യോഹ. 1:9ൽ പറയുന്നു. "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" എന്ന്. എന്നാൽ "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരുകയില്ല അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണലഭിക്കും"(സദൃ 28:13)

പാപത്തെ ഉപേക്ഷിക്കാതെയുള്ള അനുതാപം ശൂന്യവും വ്യർത്ഥവുമാണ്. പലരും കുറ്റസമ്മതം നടത്തുവാൻ തയ്യാറാണ്. എന്നാൽ പാപം ഉപേക്ഷിക്കുവാൻ തയ്യാറാകുന്നില്ല. തിരുവചനം ഇതിനെക്കുറിച്ച് വളരെ വ്യക്തമായി പറയുന്നത്. "ദുഷ്ടൻ തന്റെ വഴിയേയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ

അവൻ അവനോട് കരുണ കാണിക്കും; നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ അവൻ ധാരാളം ക്ഷമിക്കും." (യെശയ്യാവ് 55:7). പഴയ നിയമത്തിൽ പോലും പ്രവാചകന്മാർ ജനങ്ങളോട് മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിയുവാൻ പറഞ്ഞു. "നിങ്ങൾ മനം തിരിഞ്ഞു നിങ്ങളുടെ അതിക്രമങ്ങൾ ഒക്കെയും വിട്ടു തിരിയുവാൻ" (യെഹെസ്ക്കൽ 18:30) നിങ്ങൾ അതിക്രമങ്ങളിൽ നിന്ന് പിന്തിരിയുന്നില്ലെങ്കിൽ പാപം നിങ്ങളുടെ നാശത്തിനു കാരണമാകും.

പാപം ഉപേക്ഷിക്കുന്നതിന്റെ മറ്റൊരു വശം, എല്ലാ ഭക്തിഹീനതകളിൽ നിന്നും ദുഷിച്ച സ്വാധീനങ്ങളിൽ നിന്നും വേർപെടുക എന്നതാണ്. അവിശ്വാസികളുമായുള്ള അടുത്ത സഹവാസം, വിഗ്രഹാരാധന, എല്ലാവിധമായ അശുദ്ധി എന്നിവയിൽ നിന്ന് വേർപെടുവാൻ പൗലൊസ് കൊരിന്ത്യയിലെ സഭയോട് നിർദ്ദേശിച്ചു. (2 കൊരിന്ത്യർ 6:14–18) അതുപോലെ യെഹെസ്ക്കേൽ യിസ്രായേൽ ജനത്തെ ഉപദേശിക്കുന്നതു "നിങ്ങൾ അനുതപിച്ച് നിങ്ങളുടെ വിഗ്രഹങ്ങളെ വിട്ടു തിരിയുവിൻ" എന്നാണ് (യെഹെസ്ക്കേൽ 14:6). മാനസാന്തരത്തിന് ആളുകളുടെ ഹൃദയങ്ങളെയും മനസ്സിനെയും കീഴടക്കുന്ന സമ്പത്ത്, ഫാഷൻ, സ്പോർട്സ്, വിനോദം മുതലായ ആധുനിക വിഗ്രഹങ്ങളിൽ നിന്ന് ഇപ്പോഴും പിന്തിരിയേണ്ടതുണ്ട്.

## കാര്യങ്ങൾ ശരിയാക്കുക

പശ്ചാത്താപത്തിന്റെ മറ്റൊരു ഗുണമോ ഫലമോ ആണ് പുനസ്ഥാപനം. സക്കായി താൻ അന്യായമായി വാങ്ങിയ പണം തിരികെ നല്കാമെന്ന് തീരുമാനം എടുത്തപ്പോൾ "ഇന്ന് ഈ വീടിനു രക്ഷ വന്നിരിക്കുന്നു" എന്ന് യേശു പ്രതികരിച്ചു (ലൂക്കോസ് 19:8–9). യഥാസ്ഥാനം എന്നത് ഭൂതകാലത്തിലെ തെറ്റുകൾ തിരുത്തുകയും യഥാർത്ഥ മാനസാന്തരത്തിന്റെ പ്രവർത്തികൾ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്.

വിശുദ്ധ ഗ്രന്ഥം ആത്മാർത്ഥമായ മാനസാന്തരത്തിന്റെ ഭംഗി വ്യക്തമാക്കുന്നു. ധൂർത്തനായ പുത്രൻ പറഞ്ഞു അപ്പാ ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു; ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല" (ലൂക്കൊസ് 15:21) ദൈവാലയത്തിൽ പ്രാർത്ഥിക്കുന്ന ചുങ്കക്കാരൻ ദൂരത്തു നിന്നു കൊണ്ട് സ്വർഗ്ഗത്തേക്ക് നോക്കുവാൻ പോലും തുനിയാതെ മാറത്തടിച്ചു ദൈവമേ, പാപിയായ എന്നോട് കരുണയുണ്ടാകണമേ" എന്നു പറഞ്ഞു. അവൻ നീതീകരിക്കപ്പെട്ടവനായി പോയി" (ലൂക്കൊസ് 18:13) ദുഷ്ടനഗരമായ നിനെവേയിൽ അവർ അനുതപിക്കുകയും തങ്ങളുടെ ദുഷ്ടവഴികളിൽ നിന്ന് പിന്തിരിയുകയും ചെയ്തപ്പോൾ ദൈവത്തിന്റെ കാരുണ്യം വ്യാപിച്ചു. (യോന. 3:8) ദൈവം കരുണയുള്ളവനും പാപികൾക്ക് അനുതപിക്കുവാൻ ഇടം നല്കുകയും (വെളിപ്പാട് 2:21) അവരെ സ്വർഗ്ഗത്തിൽ വലിയ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്യുന്നു. (ലൂക്കൊസ് 15:7) ദൈവം ദീർഘക്ഷമയുള്ളവനാണ്. ആരും നശിച്ചുപോകുവാൻ ആഗ്രഹിക്കുന്നില്ല, എന്നാൽ എല്ലാവരും മാനസാന്തരപ്പെടുവാൻ ആഗ്രഹിക്കുന്നു. (2 പത്രോസ് 3:9).

## ഇന്നു പശ്ചാത്തപിക്കുക

ദൈവത്തിന്റെ ദീർഘക്ഷമ ഒരു ദിവസം ന്യായവിധിയിൽ അവസാനിക്കും . പെന്തക്കോസ്തു നാളിൽ പത്രോസിന്റെ സന്ദേശം. "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുവിൻ" (അ.പ്രവർത്തികൾ 2:38) എന്നത് ഈ തലമുറയ്ക്കുള്ള സന്ദേശമാണ്. നിങ്ങൾ യഥാർത്ഥമായി മാനസാന്തരപ്പെട്ടിട്ടില്ലെങ്കിൽ ഇപ്പോൾ ആകുന്നു സുപ്രസാദകാലം. ഇപ്പോൾ ആകുന്നു രക്ഷാദിവസം (2കൊരി. 6:2). യഥാർത്ഥ മാനസാന്തരത്താൽ ലഭിക്കുന്ന അത്ഭുതകരമായ സമാധാനവും വിശ്രമവും ഉണ്ട്. ■

# ചോദ്യവും ഉത്തരവും

> അപര്യാപ്തമായത് ദൈവത്തിന്റെ പ്രവർത്തിയല്ല. രക്ഷയ്ക്കു മുമ്പുള്ള മാനസാന്തരത്തിന്റെ അഭാവമാണ്.

## രക്ഷയിലേയ്ക്കുള്ള മാനസാന്തരത്തിന്റെ മൂല്യം എന്ത്?

പശ്ചാത്താപം വിശുദ്ധ ഗ്രന്ഥത്തിലുടനീളം രക്ഷയുടെ അനുഭവവുമായി അസന്നിഗ്ദമായി ബന്ധപ്പെട്ടിരിക്കുന്നു. "മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുക" എന്ന് യേശു പറഞ്ഞു (മർക്കോസ് 1:15). യേശുവിന്റെ ക്രൂശ് മരണം വഴി ദൈവം രക്ഷയ്ക്കുള്ള കാര്യങ്ങൾ ഒരുക്കി. നമ്മുടെ പാപങ്ങൾ ക്ഷമിക്കുവാനും നമുക്ക് നിത്യജീവന്റെ ഫലങ്ങൾ നല്കുവാനും അവിടുന്ന് സന്നദ്ധനും തയ്യാറുള്ളവനുമാണ്. എന്നിരുന്നാലും ആ ഫലങ്ങൾ അവരവരുടെ പാപങ്ങളിൽ നിന്നും പിന്തിരിയുവാൻ ബോധപൂർവ്വമായ തീരുമാനം എടുക്കുന്നവർക്കു മാത്രമേ നല്കുകയുള്ളു.

> മാനസാന്തരമില്ലാതെ രക്ഷ തേടുന്ന ആളുകൾ മുങ്ങി താഴേക്കും മുകളിലേക്കും നീങ്ങുന്ന അനുഭവങ്ങളാൽ വലയുന്നു.

ദൈവത്തോട് രക്ഷയ്ക്കായി അപേക്ഷിക്കുകയും എന്നാൽ ദൈവീക അനുതാപം ഇല്ലാതിരിക്കുകയും ചെയ്യുന്നവർക്കു യഥാർത്ഥമായും ജീവിതത്തെ മാറ്റിമറിക്കുന്ന അനുഭവം ഉണ്ടാകുകയില്ല. എല്ലാറ്റിനുമുപരിയായി പാപം ഉപേക്ഷിച്ച് ക്രിസ്തുവിനെ അനുഗമിക്കുവാനുള്ള ആഗ്രഹം ഉണ്ടായിരിക്കണം. തന്നെ അനുഗമിക്കുവാൻ ആഗ്രഹിച്ച ധനികനായ ഒരു യുവാവിനോട് യേശു ഒരിക്കൽ പറഞ്ഞു. ആദ്യം പോയി നിന്റെ വസ്തുവകകൾ എല്ലാം വില്കുക എന്ന്. ഈ മനുഷ്യനിൽ മാനസാന്തരത്തിന്റെ ഫലം ഉണ്ടായിരുന്നുവെങ്കിൽ ക്രിസ്തുവിന്റെ ലക്ഷ്യത്തിനായി അവന് എല്ലാം ഉപേക്ഷിക്കുവാൻ തയ്യാറാകുന്ന അനുസരണത്തിന്റെ സൂചനകൾ ഉണ്ടാകുമായിരുന്നു. നിർഭാഗ്യവശാൽ ഈ യുവാവ് ലോകത്തിന്റെ കാര്യങ്ങളിൽ നിന്ന് പിന്തിരിയുവാൻ തയ്യാറല്ലായിരുന്നു,

പലപ്പോഴും ആളുകൾ യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറഞ്ഞിട്ട് അവർ തങ്ങളുടെ പാപങ്ങളിൽ തുടരുന്നു. ഈ ആളുകൾ യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടിട്ടില്ല. കാരണം മാനസാന്തരപ്പെട്ട ഹൃദയത്തിനു മാത്രമേ രക്ഷ നല്കപ്പെട്ടിട്ടുള്ളു. ആഗ്രഹത്തിന് പ്രാരംഭമാറ്റം ഉണ്ടാകണം. എന്നാൽ യഥാർത്ഥ മാനസാന്തരമില്ലാതെ രക്ഷ തേടുന്ന ആളുകൾ മുങ്ങി മുകളിലേക്കും താഴേക്കും നീങ്ങുന്ന അനുഭവങ്ങളാൽ വലയുന്നു. ചെയ്ത തെറ്റ് അംഗീകരിക്കലും ദൈവത്തെ അപ്രീതിപ്പെടുത്തുന്നവയിൽ നിന്ന് തിരിയുവാനുള്ള ദൈവീക ദുഃഖവും ആവശ്യമാണ്. ഭൂതകാലത്തിലെ പാപം ഉപേക്ഷിക്കുവാനുള്ള ആഗ്രഹം ഉണ്ടായിരിക്കണം. ഇല്ലെങ്കിൽ അതേ പാപങ്ങൾ വീണ്ടും കടന്നുവരും.

അപ്പോൾ ആളുകൾ കരുതുന്നു ദൈവത്തിന്റെ രക്ഷാപ്രവർത്തനം പര്യാപ്തമല്ലെന്ന്. അപര്യാപ്തമായത് ദൈവത്തിന്റെ പ്രവർത്തിയല്ല. രക്ഷയ്ക്കു മുമ്പുള്ള മാനസാന്തരത്തിന്റെ അഭാവമാണ്. അതിനാൽ രക്ഷിക്കപ്പെടുന്നതിന് മാനസാന്തരത്തിന് വലിയ മൂല്യമുണ്ട്. കാരണം അതില്ലാതെ ഒരുവനെ പാപത്തിന്റെ ശക്തിയിൽ നിന്ന് യഥാർത്ഥത്തിൽ വിടുവിക്കുവാൻ കഴിയുകയില്ല.

പാപി ആദ്യം തന്റെ ഹൃദയം ദൈവത്തിങ്കലേക്ക് തുറന്ന് എല്ലാ അനീതികളെയും തള്ളിക്കളയണം. ഇത് ദൈവത്തിന് ഒരു വ്യക്തിയെ രക്ഷാജീവിതത്തിന്റെ പുതുമയിൽ നടക്കുവാൻ പ്രാപ്തമാക്കുന്ന അത്ഭുതം പ്രവർത്തിക്കുവാൻ വഴിയൊരുക്കും. ഈ കാരണത്താലാണ് യേശു ജനക്കൂട്ടത്തോട് സഹനത്തിന്റെ വില കണക്കാക്കുവാൻ പറഞ്ഞത്. നിങ്ങളുടെ ക്രൂശ് എടുത്ത് യേശുവിനെ അനുഗമിക്കുക എന്നതിന്റെ അർത്ഥം എന്താണ് എന്ന് ചിന്തിക്കുക. തീരുമാനം എടുക്കുന്നതിന് മുമ്പ് ഗൗരവമായി ചിന്തിക്കുക. മാനസാന്തരത്തിൽ ദൈവത്തിനുവേണ്ടി എല്ലാ വഴികളിലും പോകുവാൻ നിങ്ങൾ തയ്യാറാണ് എന്ന് നിങ്ങൾ തീരുമാനിക്കുമ്പോൾ, ദൈവകൃപയുടെ പൂർണ്ണത ലഭിക്കുന്നതിനുള്ള വാതിൽ നിങ്ങൾ തുറക്കുന്നു.

## എന്റെ പാപത്തെക്കുറിച്ച് മോശമായി കരുതുന്നത് പശ്ചാത്താപത്തിന് തുല്യമാണോ?

ഇല്ല. അനുതാപമില്ലാത്ത ഒരു വ്യക്തിക്ക് എന്തെങ്കിലും പാപം ചെയ്യുന്നതിനാൽ വിഷമമോ, ഖേദമോ തോന്നാം. എന്നാൽ ശാശ്വതമായ മാറ്റം ഒന്നും ഉണ്ടാകുകയില്ല. മദ്യലഹരിയിൽ ഭാര്യയെ ഉപേക്ഷിച്ചതിനു ശേഷം മാപ്പ് പറയുകയും ചെയ്യുന്ന ഭർത്താവിനെ പരിഗണിക്കുക. വീണ്ടും മദ്യപിച്ച് കഥ ആവർത്തിക്കുന്നതുവരെ മാത്രമേ ആ ദുഃഖം നിലനില്ക്കു. ഇതാണ് ലോകത്തിന്റെ ദുഃഖം. ദൈവീക ദുഃഖം (2 കൊരിന്ത്യർ 7:10) എന്തു വില കൊടുത്തും മാറാൻ പാപിയെ പ്രേരിപ്പിക്കുന്നതാണ്. ആരെങ്കിലും പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ബോധ്യത്തിൻ കീഴിൽ ആയിരിക്കുമ്പോൾ അവർ പാപത്തിലാണ് ജീവിക്കുന്നത് എന്ന് അറിയുന്നതിനാൽ അവർക്ക് വിഷമം തോന്നുകയും കരയുകയും ചെയ്യും. എന്നിരുന്നാലും കണ്ണുനീരോ പശ്ചാത്താപമോ മതിയാകുന്നില്ല, പാപ ജീവിതത്തിലേക്ക് ഒരിക്കലും മടങ്ങിവരാത്ത ലക്ഷ്യത്തോടെ തെറ്റ് തിരിച്ചറിഞ്ഞ് ദൈവീകമായ ഒരു ദുഃഖം ഉണ്ടാകണം. യഥാർത്ഥ പശ്ചാത്താപം കൊണ്ടുവരുന്ന ഒരേഒരു ദുഃഖമാണ് ഇത്.

Printed matter only

**MALAYALAM EDITION**

**നിങ്ങൾക്ക് അറിയാമോ?**

നല്പതു ദിവസത്തിനകം നിനെവേ നഗരം ഉന്മൂലമാകും എന്ന് യോനാ പ്രസംഗിച്ചപ്പോൾ അവർ ദൈവത്തെ വിശ്വസിക്കുകയും ഉപവാസം പ്രഖ്യാപിക്കുകയും ചെയ്തു. നഗരത്തിൽ ഒരു ജീവിയോ മനുഷ്യനോ മൃഗമോ ഭക്ഷണം കഴിക്കുകയോ വെള്ളം കുടിക്കുകയോ ചെയ്തില്ല. മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും അടയാളമായി മനുഷ്യനും മൃഗങ്ങളും തയ്യാറായി. ദൈവം നഗരത്തെ നാശത്തിൽ നിന്ന് ഒഴിവാക്കി!
(യോന 3:4 - 10)

തക്കസമയത്ത് പറഞ്ഞ വാക്ക്

# ദൈവത്തിന്റെ ദയ

***ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു എന്ന് അറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർക്ഷശാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ? – റോമർ 2:4***



ദൈവത്തിന്റെ ന്യായവിധിയിൽ നിന്ന് രക്ഷപ്പെടുവാൻ യാതൊരു വഴിയുമില്ല, കാരണം നാം എല്ലാവരും ദൈവത്തിന്റെ 'ന്യായസനത്തിനു മുമ്പാകെ നില്ക്കേണ്ടിവരുകയും (റോമർ 14:10) നാം എങ്ങനെ ജീവിച്ചു എന്നതിന്റെ കണക്ക് നല്കേണമെന്നതും ഉറപ്പാണ്. എന്നിരുന്നാലും കർത്താവ് തന്റെ അനന്തമായ കരുണയാൽ കൂടുതൽ ആളുകൾ പാപത്തിന്റെ ശക്തിയിൽ നിന്ന് രക്ഷിക്കപ്പെട്ട് നിത്യതയ്ക്കുവേണ്ടി ഒരുങ്ങുവാനുള്ള സമയം ദീർഘമായി നീട്ടിക്കൊണ്ടു പോകുന്നു. ദൈവത്തിന്റെ കരുണ ഏറ്റവും മോശപ്പെട്ട ദുഷ്ടന്മാരിലേക്കും അവന്റെ സ്നേഹം സമൂഹത്തിലെ ഏറ്റവും നിന്ദിതരിലേക്കും വ്യാപിക്കുന്നു. ഏറ്റവും നികൃഷ്ടമായ പാപികളോടും അവന് അനുകമ്പ ഉണ്ട്. അകറ്റി നിർത്തപ്പെട്ടവരെയും തിരസ്ക്കരിക്കപ്പെട്ടവരേയും അവൻ ശ്രദ്ധിക്കുന്നു.

ദൈവത്തിന്റെ സ്നേഹത്തേയും ദീർഘക്ഷമയേയും അവഗണിച്ചും, മനോഹരമായ രക്ഷാ പദ്ധതി അംഗീകരിക്കുവാൻ വിസമ്മതിച്ചും ദൈവത്തിന്റെ ദയയെ നിന്ദിക്കുന്നു. തീർച്ചയായും ദൈവത്തിന്റെ ദയയാണ് ജനത്തെ മാനസാന്തരത്തിലേക്ക് നയിക്കുന്നത്. ദൈവത്തിന്റെ മഹത്തായ സ്നേഹത്തിലേക്കും ശാശ്വതമായ ജീവന്റെ ദാനത്തിലേക്കും ഒരുവന്റെ കണ്ണുകൾ തുറക്കുമ്പോൾ അവന്റെ ഹൃദയം മയപ്പെടുകയും ദൈവം ദാനമായി നല്കുന്നത് എല്ലാം ഉൾക്കൊള്ളുവാൻ ആഗ്രഹം ഉണ്ടാകുകയും ചെയ്യുന്നു.

നാം ദയയോ ദീർഘക്ഷമയോ, കരുണയോ അർഹിക്കുന്നില്ല, കാരണം നാം എല്ലാവരും ദൈവത്തോട് മത്സരിക്കുന്നവർ ആയിരുന്നുകൊണ്ട് ദൈവത്തെ നിരസിക്കുന്നവർ ആകുന്നു. ഈ അവസ്ഥയിലും ദൈവം ജീവിതത്തിലെ പ്രയാസകരമായ സമയങ്ങളിൽ പാപിയെ സഹായിച്ചുകൊണ്ട് അവൻ പലപ്പോഴും തന്റെ സ്നേഹം വെളിപ്പെടുത്തുന്നുണ്ട്. തകർക്കുന്ന ചുഴലിക്കാറ്റുകൾ ജീവിതത്തിൽ നാശം വിതയ്ക്കുമ്പോൾ ദൈവം വീണ്ടും തന്റെ കരുതൽ പ്രകടിപ്പിക്കുന്നു. മനുഷ്യരുടെ പ്രവർത്തികളാൽ മറ്റുള്ളവർക്കു സംഭവിക്കുന്ന ദ്രോഹം കാരണം അവൻ ദയനീയമായി നിലവിളിക്കുമ്പോൾ ദൈവം കരുണ കാണിക്കുകയും ദീർഘക്ഷമ കാണിക്കുകയും ചെയ്യുന്നു. അവന്റെ നന്മയുടെ സമൃദ്ധി സമയാസമയങ്ങളിൽ മാനവരാശിക്കുമേൽ വെളിപ്പെടുന്നു.

ദൈവം എന്തിനാണ് ദീർഘക്ഷമ കാണിക്കുന്നത്? ജനം അർഹരല്ലാത്തപ്പോഴും എന്തിനാണ് ദൈവം അവരോട് സ്നേഹമായിരിക്കുന്നത്? കാരണം ദൈവത്തിന്റെ ദയ അവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നു (റോമർ 2:4). അവന്റെ ദയയും സ്നേഹവും തിരിഞ്ഞ് അവനോട് അടുത്തുവരുവാൻ ജനത്തെ പ്രേരിപ്പിക്കുന്നു. തെറ്റ് തിരുത്തുവാനും ദൈവത്തിനു പ്രസാദകരമായതിൽ ചേർന്നു നില്ക്കുവാനും അതു സഹായിക്കുന്നു.

അനുതപിക്കുന്ന ഹൃദയത്തിന് ദയയുടെയും പാപക്ഷമയുടെയും വാതിൽ തുറന്നിരിക്കുന്നു. ദൈവത്തിന്റെ ദയയ്ക്കായി സ്തോത്രം.! ■


if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.


ദൈവ നാമം മഹത്വപ്പെടട്ടെ.


Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**